'ഭരണഭാഷ മാതൃഭാഷ'

കേരള സാമൂഹ്യ സുരക്ഷാ മിഷൻ

നമ്പർ : പി5/3398/2020/കെ.എസ്.എസ്.എം

തിരുവനന്തപുരം,
തീയതി : 05/10/2021

## താൽപര്യപത്രം ക്ഷണിക്കുന്നു.

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 2010 മുതൽ 2020 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വിശപ്പു രഹിത നഗരം പദ്ധതി ഓഡിറ്റ് ചെയ്യുന്നതിന് അനുയോജ്യരായ ചാർട്ടേർഡ് അക്കൗണ്ടുമാരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

സ്ത്രീകളുടേയും, കുട്ടികളുടേയും, വൃദ്ധരുടേയും, സമൂഹത്തിൽ മറ്റ് രീതിയിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും ക്ഷേമത്തിനു വേണ്ടി സാമൂഹ്യ നീതിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ.

സർക്കാരിന്റെ ഉത്തരവ് പ്രകാരം വിശപ്പുരഹിത നഗരം പദ്ധതി ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് നടത്തി റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. 2010-2020 സാമ്പത്തിക വർഷത്തെ മിഷന്റെ വിശപ്പുരഹിത നഗരം പദ്ധതി ഓഡിറ്റ് ചെയ്യുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾ പ്രകാരമുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

1. സർക്കാർ ഏജൻസികളിൽ ഓഡിറ്റ് ചെയ്ത് 5 വർഷത്തെ പരിചയമുള്ള കമ്പനികളായിരിക്കണം.
2. ചുരുങ്ങിയത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.

താൽപര്യപത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച അന്തിമ അധികാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

നിശ്ചിതയോഗ്യതയുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നുള്ള താൽപര്യപത്രം എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം - 695012 എന്ന വിലാസത്തിൽ 22/10/2021 നകം ലഭ്യമാക്കേണ്ടതാണ്.

കൂടുതൽ വിശദാംശങ്ങൾ ആവശ്യമുള്ളപക്ഷം 0471-2341200 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

അസിസ്റ്റന്റ് ഡയറക്ടർ